നമ്പർ.ജി(4)1890/2020 സഹകരണ സംഘം രജിസ്ട്രാർആഫീസ്,
തിരുവനന്തപുരം, തിയതി:03.06.2020

## സർക്കുലർ നമ്പർ - 52/2020

വിഷയം- സുഭിക്ഷ കേരളം-നടപടി ക്രമങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന- 1.സഹകരണ സംഘം രജിസ്ട്രാറുടെ 19.05.2020 ലെ 39/2020 നമ്പർ സർക്കുലർ

2. കൃഷി വകുപ്പിന്റെ 14.05.2020, 02.06.2020 എന്നീ തീയതികളിലെ 156/പിബി2/2020 നമ്പർ സർക്കുലറുകൾ

3. സർക്കാരിന്റെ 18.05.2020 ലെ സ.ഉ.(കൈ) നം. 14/2020/ആ:സാ:വാ: നമ്പർ ഉത്തരവ്

സുഭിക്ഷ കേരളം പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂചന സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇവ പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിന് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നിവയുമായി ഏകോപനത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി താഴെ പറയുന്ന പ്രകാരം അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സുഭിക്ഷ കേരളം പദ്ധതി സഹകരണ മേഖലയിൽ പ്രധാനമായും നടപ്പിലാക്കുന്നത് അതാത് സ്ഥലങ്ങളിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖാന്തിരമാണ്. ഇതിന് നബാർഡിൽ നിന്ന് ലഭിക്കുന്ന SLF ധനസഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

2) ഇത്തരം വായ്പകൾ നൽകുന്നത് കർഷകർ, സ്വയം സഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവ മുഖാന്തിരമാണ്. ഇതിന് വ്യക്തിഗതമായും നിലവിലുള്ള SHG/JLG ഗ്രൂപ്പുകൾ മുഖേനയോ പുതിയതായി രൂപീകരിക്കുന്ന .SHG/JLG മുഖേനയോ അതാത് പ്രദേശത്തെ പ്രാഥമിക വായ്പാ സംഘത്തിൽ നിന്നും വായ്പയ്ക്ക് അപേക്ഷിക്കേണ്ടതാണ്.

3) സുഭിക്ഷ കേരളം പദ്ധതിയിൻ കീഴിൽ പുതിയതായി വായ്പകൾ ലഭിക്കുന്നതിന് മുന്നോട്ട് വരുന്ന സംഘടനകൾ, കർഷക സമിതികൾ, യുവജനങ്ങൾ, പ്രവാസികൾ

എന്നിവർക്ക് സഹകരണ സ്ഥാപനങ്ങളുടെ ബൈല നിബന്ധനകൾക്ക് വിധേയമായി വ്യക്തിപരമായോ SHG/JLG അടിസ്ഥാനത്തിലോ വായ്പകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സഹകരണ ബാങ്കുകൾ കൈകൊള്ളേണ്ടതാണ്.

4) ഖണ്ഡിക 2,3 പ്രകാരമുള്ള കാർഷിക പ്രവർത്തനങ്ങൾക്കുള്ള അപേക്ഷയുടെ പരിശോധന കൃഷി വകുപ്പ് അതാത് കൃഷിഭവനുകൾ മുഖാന്തിരം നടത്തേണ്ടതും ശുപാർശ സഹിതം ഗുണഭോക്താവിന്റെ വിവരം പ്രാഥമിക വായ്പാ സംഘത്തിന് കൈമാറേണ്ടതുമാണ്. ഓരോ കൃഷി ഭവനിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകളുടെ പൂർണ്ണമായ പട്ടിക സുഭിക്ഷ കേരളം പഞ്ചായത്ത് തല സമിതിയുടെ മുമ്പാകെ അവതരിപ്പിക്കേണ്ടതും അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

5) മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകൾക്ക് കീഴിൽ വരുന്ന അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ബ്ലോക്ക്തല ഉദ്യോഗസ്ഥർ ശുപാർശ ചെയ്ത് ഗുണഭോക്താവിന്റെ പ്രാഥമിക വായ്പ സഹകരണ സംഘത്തിന് നൽകേണ്ടതാണ്. ഇത്തരം വായ്പകളുടെ പട്ടികയും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് സുഭിക്ഷ കേരളം പദ്ധതിയുടെ പഞ്ചായത്ത്തല സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

6) അർഹരായ ഗുണഭോക്താക്കളുടെ പട്ടിക കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെ ചുമതലക്കാരായ ഉദ്യോഗസ്ഥർ 2020 ജൂൺ 10 ന് മുൻപ് ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കേണ്ടതാണ്

7) വായ്പകൾ കഴിവതും കിസാൻ ക്രെഡിറ്റ് കാർഡ് അടിസ്ഥാനത്തിൽ നൽകേണ്ടതും വായ്പകളുടെ വിതരണം 2020 ജൂൺ 15 ന് മുമ്പ് പൂർത്തിയാക്കുന്നതിനും സഹകരണ ബാങ്കുകൾ നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ ജില്ലയിലും സുഭിക്ഷ കേരളം പദ്ധതിയിൻകീഴിൽ വിതരണം ചെയിതിട്ടുള്ള വായ്പകളുടെ വിവരം ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള പ്രൊഫോർമ (എ) യിലുള്ള പട്ടിക ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ തയ്യാറാക്കി 2020 ജൂൺ 16 ന് മുമ്പായി സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കേണ്ടതാണ്.

8) സുഭിക്ഷ കേരളം പദ്ധതിയുടെ സഹകരണ വകുപ്പിലെ ജില്ലാ നോഡൽ ആഫീസറായി ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നെ ചുമതലപ്പെടുത്തേണ്ടതും താലൂക്കിലെ മേൽനോട്ട ചുമതല അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ആഫീസ് ഇൻസ്പെക്ടർമാരെ താലൂക്ക് നോഡൽ ആഫീസറായി നിയോഗിച്ച് മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

<u>പ്രൊഫോർമ</u>

| സംഘത്തിന്റെ പേര് | വായ്പക്കാരന്റെ പേര്, മേൽ വിലാസം(SHG/JLG)യുടെ വിവരം | വായ്പാ തുക | വായ്പാ ആവശ്യം | കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന യാണോ അല്ല യോ | വായ്പ നൽകിയ കാലാവധി | തിരിച്ചടവ് കാലാവധി |
|---|---|---|---|---|---|---|
| | | | | | | |

(ഒപ്പ്)
ഡോ.നരസിംഹഗരി.റ്റി.എൽ.റെഡ്ഡി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
4. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
5. എല്ലാ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും. (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന).
6. എല്ലാ സഹകരണ സംഘങ്ങൾക്കും )ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
7. എഡിറ്റർ, സഹകരണ വീഥി.
8. സ്റ്റോക്ക് ഫയൽ
9. വെബ് സൈറ്റ്

ആജ്ഞാനുസരണം

അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)